**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3798** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാല 31.12.2019-ൽ പുറപ്പെടുവിച്ച ജി. എ-II/സി1/156687/2019/ എഡിഎംഎൻ, ജി. എII-സി1/162156/2019/എ ഡിഎംഎൻ, ജി. എ-II/സി1/104750/2019 എഡിഎംഎൻ എന്നീ വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിയമന പ്രക്രിയ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കാലിക്കറ്റ് സർവകലാശാല 31.12.2019-ൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിൽ, GA-II/C1/104750/2019/Admn നമ്പർ വിജ്ഞാപനപ്രകാരമുള്ള മലയാളം പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനപ്രക്രിയ ഒഴികെ മറ്റുള്ളവയെല്ലാം സർവകലാശാല തലത്തിൽ പൂർത്തിയായിട്ടുണ്ട്. പ്രൊഫസർ (മലയാളം) തസ്തികയിലേക്കുള്ള നിയമനപ്രക്രിയ കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്ത മാനുവൽ ഫയലുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത മാനുവൽ ഫയലുകളുടെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിയമനങ്ങളുമായി ബന്ധപ്പെട്ട് വ്യവഹാരങ്ങൾ കോടതിയുടെ പരിഗണനയിലാണ്. Sub-judice ആയതിനാൽ നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്ത മാനുവൽ ഫയലുകളുടെ വിശദാംശങ്ങൾ ഇപ്പോൾ നൽകുവാൻ സാധിക്കുന്നതല്ല എന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ